മി. സ്പീക്കർ: ജി. ഒ. യ്ക്ക് ആധാരമായ നോട്ടീസുകളും എന്നൊക്കെയാണു കൊടുത്തിട്ടുള്ളതെന്നുള്ളതിനെ സംബന്ധിച്ച് നോട്ടീസ് വേണമെന്നു പറഞ്ഞാൽ അതിൽ അപ്രസക്തമായ യാതൊന്നുമില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഭൂമി സെലക്ട് ചെയ്യുന്നതിനു വേണ്ടി ഏതെങ്കിലും മെഷീനറിയെ ചുമതലപ്പെടുത്തിയിരുന്നോ? അവർ എത്രപേരുണ്ടായിരുന്നു എന്നു പറയാമോ?

മി. സ്പീക്കർ: അതിനു കമ്മിറ്റി ഉണ്ടായിരുന്നു എന്നും സെലക്ട് ചെയ്തു എന്നും പറഞ്ഞല്ലോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, അങ്ങനെയൊരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടില്ല.

ശ്രീ. ഒ. കോരൻ: കമ്മിറ്റിയാണ് സെലക്ട് ചെയ്തതെന്നു ഞാൻ പറഞ്ഞു.

WRITTEN ANSWERS

ഇലക്ട്രിസിറ്റി ബോർഡിലെ ക്രമക്കേടുകൾ

* 104 (361) ശ്രീ. പി. എൻ. ചന്ദ്രസേനൻ:

ശ്രീ. കെ. പുരുഷോത്തമൻപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇലക്ട്രിസിറ്റി ബോർഡിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കാൻ നിയുക്തമായ ജസ്റ്റിസ് ശങ്കരൻ കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിൻമേൽ ഗവൺമെൻറ് എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരുമാനങ്ങളെന്തെന്നു വ്യക്തമാക്കുമോ;

(സി) കുറ്റക്കാരായ ആരെയെങ്കിലും നടപടിക്കു വിധേയരാക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉണ്ട്.

(ബി) അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശത്തെ ആധാരമാക്കി അഴിമതികാണിച്ച ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ നടപടികളും എടുക്കുവാൻ ബോർഡിനു ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇല: ബോർഡിന്റെ മുൻ ചീഫ് എൻജിനീയർ ശ്രീ. വി. രംഗനാഥന്റെ കാലത്ത് ചില കോൺട്രാക്ടുകളുടെ ഇനത്തിൽ ബോർഡിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കുന്നതിന് സിവിൽകേസ് ഫയൽ ചെയ്യുന്നതിന് ഇലക്ട്രിസിറ്റി ബോർഡിന് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് അഴിമതി നിരോധന നിയമമനുസരിച്ച് ശ്രീ. രംഗനാഥനെതിരെ നടപടികൈക്കൊള്ളുന്നതിനും ഗവൺമെൻറ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്തകാലംവരെ ബോർഡിന്റെ ചീഫ് എൻജിനീയറായിരുന്ന ശ്രീ. എച്ച്. വൈദ്യനാഥയ്യർക്കെതിരെ കമ്മിഷന്റെ അന്വേഷണ റിപ്പോർട്ടിലെ നിഗമനങ്ങളെ ആധാരമാക്കി കുറ്റപത്രം തയാറാക്കി ശിക്ഷണ നടപടികൈക്കൊള്ളുവാനും ബോർഡിനു ഗവൺമെൻറു നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. ബോർഡ് ചെയർമാനായിരുന്ന ശ്രീ. ആർ. പി. നായർ ക്കെതിരായിട്ടുള്ള നിഗമനങ്ങളും അവ സംബന്ധിച്ചുള്ള അഡ്വക്കേറ്റു ജനറലിന്റെ ഉപദേശവും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ശ്രീ. ആർ. പി. നായരെ ചെയർമാൻ സ്ഥാനത്തുനിന്നു നീക്കം ചെയ്യണമോ എന്നകാര്യം പരിഗണിക്കേണ്ടതു് ഗവൺമെന്റാണെന്നു് അഡ്വക്കേറ്റ് ജനറൽ ഉപദേശിച്ചിരുന്നു. കാലാവധി തീരുന്നതിനുമുൻപുതന്നെ ശ്രീ. ആർ. പി. നായർ ചെയർമാൻസ്ഥാനത്തുനിന്നും വിരമിച്ചതുകൊണ്ടു് അദ്ദേഹത്തെ നീക്കം ചെയ്യുന്ന പ്രശ്നം ഉദിക്കുന്നില്ല. ഷോളയാർ ഡാമിന്റെ ജോലിക്കുവേണ്ടിയുള്ള മണലിനുള്ള കോൺട്രാക്ട് പ്രത്യേകം കൊടുത്തതിൽ നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നാണു് കമ്മിഷന്റെ നിഗമനമെങ്കിലും ആഡിറ്റ് റിപ്പോർട്ടിൽ ഈ കോൺട്രാക്ടനുസരിച്ചു് നഷ്ടമുണ്ടായിട്ടുണ്ടെന്നു്, രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യം അക്കൗണ്ടന്റ് ജനറലുമായി ആലോചിച്ചു് വേണ്ട നടപടികളെടുക്കാൻ ബോർഡിനു് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

വാങ്ക്വേജ് കമിഷൻ

** 105. [364] ശ്രീ. എൻ്. കണപതി: കീഴ് കാണും വിഞ്ക്കളുക്കു മുതൻ മന്ത്രിരി അവർകൾ വിടൈ പകർവാകളാക:*

(എ) നമതു മാനിലത്തിൽ മൊഴിക്കമിഷൻ ഒൻറു മൊഴിപെയർപ്പു വേലൈകളുക്കാക (ചട്ടം) അമൈക്കപ്പട്ടുൾളതാ;

(ബി) എപ്പോതു അമൈക്കപ്പട്ടതു;

(സി) അതിൽ തർപോതുൾള അലുവലർകൾ എത്തനൈ;

(ഡി) എൻന അടിപ്പടൈയിൽ അവർകളൈ നിയമനം ചെയ്യപ്പട്ടതു എൻറു കൂറപ്പടുമാ;

(ഇ) അവർകളിൽ തർപോതൈയ അരചാങ്കം പതവി ഏറ്റ പിറകു എത്തനൈ തസ്തിക്കൈകൾ നിരപ്പപ്പട്ടൻ എൻറും എൻൻ അടിപ്പടൈയിൽ നിരപ്പപ്പട്ടൻ എൻറും കൂറപ്പടുമാ;

(എഫ്) മൊഴിപെയർപ്പു അനുപവം ഉൾളവർകളുക്കു അതിൽ മുക്കിയത്തുവം കൊടുക്കപ്പട്ടനവാ?

Chief Minister (**Shri C. Achutha Menon**):

(a) Yes.

(b) It was constituted on 14-6-1968.

(c) There are at present (39) thirty-nine persons.

(d) They have been appointed as they are found to be suitable for holding the post.

(e) Only four posts were filled up after this Ministry assumed charge. The four persons were selected and appointed on the basis of applications submitted by 174 persons in pursuance of a notification dated 18-9-1959 inviting such applications.

(f) Yes.

LIBRARY ARCHIVES Kerala Legislative Assembly